351/est/19

# അടിയന്തിരം

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി3-5068/2017/സിഇ/തസ്വഭവ | തീയതി 22/01/2019

## സർക്കുലർ

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) - നിയോജകമണ്ഡല ആസ്തിവികസന പദ്ധതി (LAC-ADS) - ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ശുപാർശ ചെയ്യുന്നത് - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന : 17.01.2018-ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഇ(1055216)/എൻ.സി-ബി3/61/2018/ധന നമ്പർ കത്ത്

2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുമതി ലഭിച്ചിട്ടുള്ള അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിക്കുന്നതിന് സൂചന കത്ത് പ്രകാരം നിർദ്ദേശിച്ചിരിക്കുകയാണ്. ടി വിവരങ്ങൾ അടിയന്തിരമായിത്തന്നെ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്.

ടി വിവരങ്ങൾ ഈ കാര്യാലയത്തിലേയ്ക്ക് www.celsgd.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിലെ "Proforma" പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma P-1039-ൽ **25.01.2019-ാം തീയതി 3.00 PM-ന് മുൻപായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.** കോർപ്പറേഷനുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് കോർപ്പറേഷനുകളിൽ നിന്നും, മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് മുനിസിപ്പാലിറ്റികളിൽ നിന്നും, അതാത് ജില്ലകളിൽ ഉൾപ്പെടുന്ന ത്രിതല പഞ്ചായത്തുകളിലെ വിവരങ്ങൾ അതാത് ജില്ലാപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും സമർപ്പിക്കേണ്ടതാണ്. മുനിസിപ്പാലിറ്റികളിൽ അസംബ്ലി ആസ്തിവികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ അനുവദിച്ച് ലഭിച്ചിട്ടില്ലാത്തതോ, പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടില്ലെങ്കിലോ ആയത് റിമാർക്ക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അതാത് മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ള വിവരങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നുണ്ടെന്ന് അതാത് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ-ഇൻ-ചാർജ്ജ്

P 82

Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

ഇ(1055216)/എൻ.സി-ബി3/61/2018/ധന

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 17/01/2019.

**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി**

**ചീഫ് എഞ്ചിനീയർ,**
**തദ്ദേശ സ്വയംഭരണ വകുപ്പ്,**
**തിരുവനന്തപുരം.**

സർ,

വിഷയം :- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) - ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നത് - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- 04/08/2018 ലെ സ.ഉ(അച്ചടി) നം. 119/2018/ധന.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ഉത്തരവിലെ ഖണ്ഡികകൾ 2.8, 2.9 എന്നിവ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഒരു സാമ്പത്തിക വർഷം അനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തെ പ്രവൃത്തികൾ ശിപാർശ ചെയ്യുമ്പോൾ പരിഗണിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ഓരോ സാമ്പത്തിക വർഷവും ഓരോ നിയോജകമണ്ഡലത്തിലും അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് ഇതിനായി പരിഗണിക്കേണ്ടതുണ്ട്. ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച നിരവധി നിയമസഭാചോദ്യങ്ങളും ഇതിനോടകം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് സംബന്ധിച്ച വിവരം താഴെപ്പറയുന്ന പ്രൊഫോർമയിൽ അടിയന്തിരമായി ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു.

| Sl. No. | Name of the work | Name of the MLA/LAC | Financial Year | AS Amount | TS Amount | Excess/Savings (+/-) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

വിശ്വസ്തതയോടെ,
**ഷീജമോൾ. എം. കെ**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.**

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്,

**സെക്ഷൻ ഓഫീസർ**